TUESDAY ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–26/09/2023.

1. പി എം കിസാൻ സമ്മാൻ നിധി പദ്ധതി ആനുകൂല്യത്തിന് ആധാർ സീഡിങ് ഇ -കെ വൈ സി ഭൂരേഖകൾ വിജയകരമായി പൂർത്തിയാകാത്തവർ 2023 സെപ്റ്റംബർ 30നകം പൂർത്തിയാക്കുക. ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിക്കണം. ആധാർ കാർഡും ആധാർ ലിങ്ക് ചെയ്ത മൊബൈൽ ഫോണുമായി കൃഷിഭവൻ നിർദ്ദേശിക്കുന്ന പോസ്റ്റ് ഓഫീസിൽ എത്തി സേവിങ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കാവുന്നതാണ്. -അക്ഷയ, സി എസ് സി ജനസേവനകേന്ദ്രങ്ങൾ മുഖേന - e-KYC പൂർത്തിയാക്കുക. ഗൂഗിൾ പ്ലേ സ്റ്റോർ വഴി PMKISAN GOI എന്ന ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് ഗുണഭോക്താക്കൾക്ക് നേരിട്ടും e -KYC പൂർത്തീകരിക്കാവുന്നതാണ്. റവന്യൂ വകുപ്പിന്റെ ReLIS പോർട്ടലിൽ ഭൂരേഖകൾ ഉള്ളവർ എയിംസ് പോർട്ടലിൽ നേരിട്ടോ അക്ഷയ, സി എസ് സി, ജനസേവനകേന്ദ്രങ്ങൾ മുഖേനയോ ഭൂരേഖകൾ രേഖപ്പെടുത്തേണ്ടതാണ്. ഇതുവരെ ഓൺലൈൻ വഴി സ്ഥലവിവരം രേഖപ്പെടുത്താൻ കഴിയാത്തവർ ബന്ധപ്പെട്ട കൃഷിഭൂമിയുടെ 2018-19 ലെയും നിലവിലെയും ഭൂരേഖകൾ, അപേക്ഷ എന്നിവ നേരിട്ട് കൃഷിഭവനിൽ സമർപ്പിച്ച് പിഎംകിസാൻ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്.

2. വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 2020 ഓഗസ്റ്റ് 31 വരെയും മറ്റു 12 ജില്ലകളിലെ കർഷകർ 2016 മാർച്ച് 31 വരെയും എടുത്ത കാർഷിക വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുന്നതിന് സർക്കാർ ഉത്തരവായി. വ്യക്തിഗത അപേക്ഷകൾ സം സ്ഥാന കർഷക കടാശ്വാസ കമ്മിഷനിൽ ഡിസംബർ 31 വരെ സ്വീകരിക്കും. നേരിട്ടോ തപാൽ മുഖേനയോ അപേക്ഷിക്കാം. കമ്മീഷനിലൂടെ കാർഷിക കടാശ്വാസം മുൻപു ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ പാടില്ല. നിലവിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മാത്രമാണ് സർക്കാരിന്റെ കടാശ്വാസ പദ്ധതിയുമായി സഹകരിക്കുന്നത്. അതിനാൽ മറ്റു ബാങ്കുകളിലെ വായ്പാ കുടിശികയിൽ അപേക്ഷ സ്വീകരിക്കില്ല. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0471 2743782, 2743783. റേഷൻ കാർഡിന്റെ പകർപ്പ്, വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫിസറുടെ സാക്ഷ്യ പത്രത്തിന്റെ അസ്സൽ, കർഷകനാണെന്ന് തെളിയിക്കുന്നതിന് കൃഷി ഓഫീസറുടെ സാക്ഷ്യപത്രം (അസ്സൽ) വായ്പ നിലനിർത്തുന്ന പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ അപേക്ഷക്കൊപ്പം നൽകണം.

3. ക്ഷീരവികസന വകുപ്പ് കോട്ടയം ജില്ലാ ക്വാളിറ്റി കൺട്രോൾ യൂണിറ്റിന്റെയും ഞീഴൂർ ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ക്ഷീരോൽപാദകർക്ക് വേണ്ടി പാൽ ഗുണ നിയന്ത്രണ ബോധവൽക്കരണ പരിപാടി ഇന്ന് (26.09.2023) രാവിലെ 10 മണി മുതൽ ഞീഴൂർ ക്ഷീരോൽപാദക സഹകരണ സംഘം ഹാളിൽ വച്ച് നടത്തുന്നു. ഈ പരിപാടിയിൽ ക്ഷീരവികസന വകുപ്പിലെ സാങ്കേതിക വിദഗ്ദ്ധർ കർഷകർ ഉത്പാദിപ്പിക്കുന്ന പാലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും അതിലൂടെ മെച്ചപ്പെട്ട വില ഉത്പാദകർക്ക് ലഭിക്കുന്നതിനുള്ള ശാസ്ത്രീയ വശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നു. ഇതോടനുബന്ധിച്ച് ശുദ്ധമായ പാലുൽപാദനം ക്ഷീരകർഷകർ അറിയേണ്ടത്, പാൽവില നിർണയവും ശാസ്ത്രീയ തീറ്റക്രമവും, ക്ഷീരവികസന വകുപ്പും പദ്ധതിയും എന്നീ വിഷയങ്ങളിൽ ക്ലാസുകളും ഉണ്ടായിരിക്കുന്നതാണ്.

4. പനമരം ബ്ലോക്ക് പഞ്ചായത്ത് 2023-24 വർഷം നടപ്പിലാക്കുന്ന ഗോ ജീവ സുരക്ഷാ (സഞ്ചരിക്കുന്ന മൃഗാശുപത്രി) പദ്ധതിയുടെ സേവനം ഇന്നു മുതൽ സെപ്റ്റംബർ 30 ശനി വരെയുള്ള ദിവസങ്ങളിൽ പൂതാടി ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ലഭ്യമായിരിക്കും. പ്രവൃത്തി സമയം - രാവിലെ 10 മുതൽ വൈകീട്ട് 05 വരെ. സേവനം ആവശ്യമുള്ള കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേനെയോ നേരിട്ടോ ഡ്യൂട്ടി ഡോക്ടറുമായി **9074583866** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

5. മൃഗസംരക്ഷണ വകുപ്പിന്റെയും വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ വെച്ച് പേവിഷ പ്രതിരോധ കുത്തിവെപ്പ് ക്യാമ്പുകൾ ഈ മാസം 26 മുതൽ 29 വരെ നടത്തുന്നു. ക്യാമ്പുകളുടെ ഉദ്ഘാടനം ഇന്ന് (26.09.2023) രാവിലെ 10 മണിക്ക് കരണി വായനശാലയിൽ വെച്ച് കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രജിത. കെ നിർവഹിക്കുന്നു. പട്ടികളെയും പൂച്ചകളെയും ക്യാമ്പുകളിൽ എത്തിച്ച് പ്രതിരോധ കുത്തിവെപ്പിന് വിധേയമാക്കേണ്ടതാണെന്ന് പള്ളിക്കുന്ന് വെറ്ററിനറി ഹോസ്പിറ്റൽ സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. പ്രതിരോധ കുത്തിവെപ്പിന് 45 രൂപ ഈടാക്കുന്നതും സർട്ടിഫിക്കറ്റ് നൽകുന്നതുമായിരിക്കും. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ നായ്ക്കളെ വീടുകളിൽ വളർത്താൻ പാടില്ല. ലൈസൻസ് ലഭിക്കുന്നതിന് പ്രതിരോധ കുത്തിവെപ്പ് സർട്ടിഫിക്കറ്റ് നിർബന്ധമാണ്. നിലവിൽ എന്തെങ്കിലും രോഗങ്ങളുള്ള നായ്ക്കളെ ക്യാമ്പുകളിൽ കൊണ്ട് വരാൻ പാടില്ല. പള്ളിക്കുന്ന്. നടവയൽ, വരദൂർ

മൃഗാശുപത്രികളിൽ എല്ലാ ദിവസവും നായ്ക്കൾക്ക് പ്രതിരോധ കുത്തിവെപ്പ് ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9495030806.

6. കോട്ടയം ജില്ലയിലെ വാഴൂർ ബ്ലോക്കിലെ കറുകച്ചാൽ, നെടുംകുന്നം, കങ്ങഴ, വെള്ളാവൂർ, ചിറക്കടവ് ഗ്രാമപഞ്ചായത്തുകളിലെ കറവപ്പശുക്കൾക്കുള്ള കാലിത്തീറ്റ സബ്സിഡി പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ക്ഷീരകർഷകർ അപേക്ഷയും അനുബന്ധരേഖകളും നൽകണം. സബ്സിഡി നിരക്കിൽ കാലിത്തീറ്റ വാങ്ങാൻ താല്പര്യമുള്ളവർ ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പുകൾ സഹിതം ക്ഷീരസംഘം വെറ്ററിനറി സർജന്റെ സാക്ഷ്യപത്രത്തോടുകൂടിയ അപേക്ഷ വാഴൂർ ബ്ലോക്കിലെ ക്ഷീര സംഘങ്ങളിലോ നെടുംകുന്നത്ത് പ്രവർത്തിക്കുന്ന വാഴൂർ ക്ഷീരവികസന യൂണിറ്റിലോ ഒക്ടോബർ ഏഴിനകം നൽകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0481 2417722.

7. പ്രധാനമന്ത്രി മത്സ്യ സംപദയോജനപദ്ധതി പ്രകാരം മത്സ്യകൃഷിപദ്ധതിയിലേക്ക് അപേക്ഷിക്കാം. പുതിയ ഓരുജലമത്സ്യകൃഷി, കുളംനിർമാണം, ഓരുജല മത്സ്യകൃഷിയ്ക്കുള്ള ഇൻപുട്ടുകൾ, മീഡിയം സ്കെയിൽ അലങ്കാര മത്സ്യപരിപാലന യൂണിറ്റ്, ഇന്റഗ്രേറ്റഡ് അലങ്കാര മത്സ്യപരിപാലന യൂണിറ്റ്, മിനി ആർ.എ.എസ് യൂണിറ്റ് എന്നീ പദ്ധതികൾക്കാണ് അപേക്ഷ ക്ഷണിച്ചത്. താത്പര്യമുള്ളവർ ഈ മാസം 30നകം അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ: വൈക്കം മത്സ്യഭവൻ - 04829 291550, 9400882267, കോട്ടയം മത്സ്യഭവൻ - 0481 2434039, 9074392350, പാലാ മത്സ്യ ഭവൻ - 0482 2299151, 9847387180.

8. എറണാകുളം ജില്ലയിലെ ഒക്കൽ സംസ്ഥാന വിത്ത് ഉൽപാദന കേന്ദ്രത്തിൽ അത്യുൽ പാദനശേഷിയുള്ള മേൽത്തരം തെങ്ങിൻ തൈകൾ ഫാമിനോട് ചേർന്നുള്ള സെയിൽസ് സെന്ററിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0484 2464941, 9495246121

**പരിശീലന പരിപാടി**

9. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം **"ഹൈടെക് കൃഷി"** വിഷയത്തിൽ തയ്യാറാക്കിയ മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2023 ഒക്ടോബർ 03 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ 2023 ഒക്ടോബർ 02 നകം കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. 25 ദിവസം ദൈർഘ്യമുള്ള കോഴ്സ് മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പതിനൊന്ന്

സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം കമ്പ്യൂട്ടർ അല്ലെങ്കിൽ മൊബൈൽ ഫോണിൻറെ സഹായത്തോടെ പഠിക്കാവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിൽ രജിസ്റ്റർ ചെയ്ത് ഒക്ടോബർ 03 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

10. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഒക്ടോബർ 5,6 തീയതികളിൽ ആട് വളർത്തൽ എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471 2732918 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

11. റബ്ബർബോർഡ് റബ്ബറുത്പന്നനിർമ്മാണത്തിൽ മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോഴ്സ് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ഒക്ടോബർ 04-ന് ആരംഭിക്കും. കോഴ്സ് ഫീസ് 21,000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ). റബ്ബറുത്പന്നനിർമ്മാണത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സിൽ ഡിപ്ലോമ/ബിരുദധാരികൾ, എഞ്ചിനീയർമാർ, ഗവേഷകർ, വിദ്യാർത്ഥികൾ, റബ്ബർവ്യവസായമേഖലയിൽ സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെല്ലാം പങ്കെടുക്കാം. ഈ കോഴ്സിലൂടെ റബ്ബർ കോമ്പൗണ്ടിങ്, ഉത്പന്നനിർമ്മാണം, അസംസ്കൃതവസ്തുക്കളുടെയും ഉത്പന്നങ്ങളുടെയും പരിശോധന, ലാറ്റക്സ് ടെക്നോളജി എന്നിവയിലെല്ലാം പ്രാവീണ്യം നേടാം. അക്കാദമിക/ വ്യവസായിക മേഖലകളിൽ പുതിയ അവസരങ്ങൾ തേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കോഴ്സ് സഹായകമാകും. കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 04812353127 എന്ന നമ്പറിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പറിലോ വേണം ബന്ധപ്പെടാൻ. ഇ മെയിൽ: training@rubberboard.org.in